2017 ഒക്ടോബർ 23, 24 തിയതികളിൽ തിരുവനന്തപുരം മരിയാറാണിയിൽ വച്ച് നടന്ന ജെൻഡർ സെൻസിറ്റൈസേഷൻ ശില്പശാല കുടുംബശ്രീയെ സംബന്ധിച്ചിടത്തോളം ചരിത്രപരമായ ഒരു മാറ്റത്തിന് തിരിതെളിച്ചിരിക്കുകയാണ്. ആ തിരിനാളം എണ്ണവറ്റാതെ കാത്തുസൂക്ഷിക്കുക എന്നത് വലിയൊരു ഉത്തരവാദിത്വമായും തീർന്നിരിക്കുന്നു. പ്രവർത്തന ബാഹുല്യം കൊണ്ട് അക്ഷരാർത്ഥത്തിൽ (മിഷൻ) ദൗത്യസംഘമായി ജോലിചെയ്യുന്ന ജില്ലാ പ്രോഗ്രാം മാനേജർമാരെ സംബന്ധിച്ചിടത്തോളം വലിയ പ്രതീക്ഷകളും പുത്തൻ വഴികളും മുന്നിൽ മലർക്കെ തുറന്നിട്ട രണ്ട് ദിനങ്ങളാണ് കഴിഞ്ഞ് പോയത്.

രണ്ട് പതിറ്റാണ്ടുകൾ കേരളത്തിന്റെ വികസനതേരോട്ടങ്ങളിൽ സ്ത്രീശാക്തീകരണത്തിന്റെ വേറിട്ട മുദ്ര പതിപ്പിച്ച കുടുംബശ്രീ പ്രവർത്തനങ്ങളിലും, സ്ത്രീശാക്തീകരണത്തിന് പ്രത്യേകം ഊന്നൽ നൽകി ആരംഭിച്ച സ്ത്രീപദവി സ്വയംപഠന പദ്ധതി പ്രവർത്തനങ്ങളിലും ഒരു 'ന്യൂട്ടൺ രണ്ടാം ചലന സിദ്ധാന്ത'മായി മാറിയിരിക്കുകയാണ് ലിംഗപദവി ആശയസമ്പുഷ്ടീകരണ ശില്പശാല.

പൊതുവിൽ ലിംഗപദവി ആശയങ്ങൾക്കും പ്രവർത്തനങ്ങൾക്കും ലഭിക്കുന്ന സ്വീകാര്യതയും പ്രോത്സാഹനവും വളരെ കുറവാണ്. പലപ്പോഴും ഇത്തരം ആശങ്ങളെ പരിഹസിക്കുന്ന അനുഭവങ്ങളും ഉണ്ടായിട്ടുണ്ട്. എന്നാൽ ഒരു പരിശീലനത്തിൽ പങ്കെടുത്ത എല്ലാവരും സമാനസ്വഭാവത്തോടെ പ്രതികരിക്കുന്ന ഒരവസരം കുടുംബശ്രീയിൽ തന്നെ ഇതാദ്യമായിട്ടാണെന്നു പറയാൻ ആഗ്രഹിക്കുകയാണ്. കുടുംബശ്രീയിൽ, പരിശീലനങ്ങൾ വളരെ പ്രധാനപ്പെട്ട ഒരു  മേഖലയാണ്. അവിടെയാണ് പരിശീലനങ്ങളുടെ നടപ്പ് സമവാക്യങ്ങളെ തിരുത്തിക്കുറിച്ചുകൊണ്ട് നടക്കുന്ന ഈ പരിശീലനത്തിന്റെ പ്രസക്തി.

കുടുംബശ്രീ പ്രവർത്തനങ്ങൾ ദേശഭേദങ്ങളില്ലാതെ അംഗീകരിക്കപ്പെടുമ്പോഴും പലതരത്തിലുമുള്ള പ്രശ്നങ്ങളും ഉയർന്നു വരുന്നതും നമുക്ക് കാണാനാകും. അത്തരം പ്രശ്നങ്ങളുടെ കാരണങ്ങളന്വേഷിക്കുന്നവർക്ക് നല്ലൊരു പഠനകളരിയായിരുന്നു ഈ പരിശീലനം. സംഘാടനം കൊണ്ടും സമയനിഷ്ഠ കൊണ്ടും വളരെ വ്യത്യസ്തത പുലർത്തിയ ഒരു അനുഭവമായിരുന്നു ഈ പരിശീലനം. പരിശീലകരായ ശ്രീ റോഷൻ ചന്ദ്രനും, ശ്രീമതി മേഴ്സി കാപ്പനും മികച്ച പരീക്ഷണമായിരുന്നു.

ഇത് പ്രതീക്ഷയും പ്രോത്സാഹനവുമാണ്, മാറ്റവും മാതൃകയുമാണ്, ഉചിതവും ഉദ്ബോധനവുമാണ്, അനിവാര്യവും അനുകരണീയവുമാണ്.

ഷൈൻ റ്റി. മണി

ജില്ലാ പ്രോഗ്രാം മാനേജർ (ജെൻഡർ), എറണാകുളം